# കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC)

**(Reg.No.01-14/87, Aff.No.10485)**

**വി.പി മരക്കാർ സ്മാരക മന്ദിരം, അംബുജവിലാസം റോഡ്, തിരുവനന്തപുരം**

**2025 ജനുവരി 22 ന്**

# KSEBL ജീവനക്കാർ പണിമുടക്കുന്നു

**പ്രിയ ജീവനക്കാരെ, തൊഴിലാളി സുഹൃത്തുക്കളെ,**

**ഇടതുപക്ഷം ഭരണത്തിൽ വന്നപ്പോഴെല്ലാം അഴിമതിയിലും ധൂർത്തിലും കൂടി KSEB യെ കടക്കെണിയിലാക്കി, ജീവനക്കാരുടെ ആനുകൂല്യങ്ങൾ തടഞ്ഞുവച്ച ചരിത്രമാണുള്ളത്. ജീവനക്കാരുടെ സർവ്വീസ് ബുക്ക് അക്കൗണ്ടന്റ് ജനറലിന് പരിശോധനയ്ക്ക് അയച്ചുകൊടുത്ത് ജീവനക്കാരെ അവഹേളിച്ചത് മുൻകാല ചരിത്രം. ശമ്പളം പരിഷ്ക്കരിച്ചപ്പോൾ 10 % ആണ് 20 % ത്തിനേക്കാൾ വലുത് എന്ന് ഒരു ഇടതുകരാറിൽ ഇടത് സംഘടനകൾ തെളിയിച്ച് ഗണിത ശാസ്ത്രജ്ഞരെ അവഹേളിച്ചു അത് മറ്റൊരു ചരിത്രം. ജീവനക്കാരുടെ ആനുകൂല്യങ്ങളും അവകാശങ്ങളും കഴിഞ്ഞ 8 വർഷമായിതടഞ്ഞുവച്ചിരിക്കുന്നു. താഴെത്തട്ടിൽ പ്രമോഷനുകൾ ഒന്നും നൽകുന്നില്ല.**

**UDF കാലത്തെ വിലകുറഞ്ഞ (യൂണിറ്റിന് Rs.4.29) വൈദ്യുതി കരാർ വേണ്ടായെന്നുവച്ച് കൂടിയ വിലക്ക് വൈദ്യുതി വാങ്ങി നഷ്ടം വരുത്തിയും, കാസർഗോഡ് സോളാർ പാർക്ക് വേണ്ടായെന്നുവച്ച് KSEB യുടെ ചിലവിൽ പുരയുടെ പുറത്ത് സോളാർ വച്ചും, പ്രവർത്തിക്കാത്ത പോർട്ടുകളുള്ള ചാർജിങ് സ്റ്റേഷൻ നിർമ്മിച്ച് അഴിമതി നടത്തിയും, KFON 1028 കോടി രൂപ എസ്റ്റിമേറ്റ് എന്നാൽ ടെൻഡർ 1528 കോടിക്ക് നൽകിയും നഷ്ടക്കച്ചവടത്തിൽ പങ്കാളിയായും ട്രാൻസ്ഗ്രിഡ് 150% above ടെൻഡർ നൽകിയും മണിയാർ പദ്ധതി സ്വകര്യ മുതലാളിയിൽ നിന്നും ഏറ്റെടുക്കാതെയും മണിയാർ സ്വകാര്യ മുതലാളിയിൽ നിന്നും കൂടിയ വിലക്ക് ആവശ്യമില്ലാതെ വൈദ്യുതി വാങ്ങിയും, പുരപ്പുറ സോളാർ നെറ്റ് മീറ്ററിങ് ബില്ലിംഗ് രീതി തല്പര കക്ഷികൾക്കുവേണ്ടി തുടർന്നത് മൂലവും പൊതുമേഖലയുടെ പേരിൽ സ്വകാര്യ ബ്രോക്കർമാരെ സഹായിക്കാൻ കായംകുളം നിലയത്തിന്റെ പേരിൽ കോടികൾ Fixed Charge കൊടുക്കുവാൻ തീരുമാനിച്ചതും അഴിമതിയുടെയും ധൂർത്തിന്റെ ചുരുക്കം ചില കാര്യങ്ങൾ മാത്രം.**

**KSEB ധൂർത്ത് അവസാനിപ്പിക്കണമെന്നും തടഞ്ഞുവച്ചിരിക്കുന്ന ആനുകൂല്യങ്ങളും പ്രമോഷനുകളും ഉൾപ്പടെയുള്ളവ ഉടൻ നൽകണമെന്നും ആവശ്യപ്പെട്ട് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) 2025 ജനുവരി 22 ന് സംസ്ഥാന വ്യാപകമായി വൈദ്യുതി മേഖലയിൽ പണിമുടക്കുന്നു. എല്ലാ ജീവനക്കാരും പണിമുടക്കിൽ പങ്കെടുത്ത് പിന്തുണ നൽകി പണിമുടക്ക് വിജയിപ്പിച്ച് ഗവൺമെന്റിനും ബോർഡ് മാനേജ്മെന്റിനും ശക്തമായ താക്കീത് നല്കുന്നതിനുമുള്ള അവസരമാക്കിയിതിനെ മാറ്റണമെന്ന് സവിനയം ആദ്യമേ അഭ്യർത്ഥിക്കുന്നു.**

**സംസ്ഥാന സർക്കാർ ജീവനക്കാരും പൊതുമേഖലാ ജീവനക്കാരും അന്നേദിവസം (22.1.2025) ആനുകൂല്യങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതുൾപ്പടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് പണിമുടക്കുന്നു. സമസ്ത മേഖലയിലും അഴിമതിയും ധൂർത്തുമാണ് ഇപ്പോൾ നടക്കുന്നത്. ഉന്നതതലങ്ങളിലെ അഴിമതിയുടെയും, ധൂർത്തിന്റെയും സ്വജനപക്ഷപാതത്തിന്റെയും പഴി പലപ്പോഴും കേൾക്കേണ്ടിവരുന്നത് ജീവനക്കാരാണ്. 6000 ജീവനക്കാരുടെ അധിക ജോലി ചെയ്യുന്ന ജീവനക്കാരന്റെ അർഹതപ്പെട്ട DA, ലീവ് സറണ്ടർ, ശമ്പള പരിഷ്ക്കരണം തുടങ്ങി ആനുകൂല്യങ്ങൾ നാളുകളായി തടയപ്പട്ടിരിക്കുന്നു. പ്രമോഷനും തടയപ്പെട്ടിരിക്കുന്നു. മുൻപ് ഒപ്പുവച്ച കരാറിന് അംഗീകാരമില്ലായെന്ന് പറഞ്ഞ് DA വരെ നിഷേധിക്കുന്നു.**

## പണിമുടക്കിന് ആധാരമായി ഉന്നയിക്കുന്ന ആവശ്യങ്ങൾ

**കുടിശ്ശിക ക്ഷാമബത്ത 20 % അനുവദിക്കുക:** Rs.4.29 വൈദ്യുതി കരാർ റദ്ദ് ചെയ്തത് മൂലമുള്ള നഷ്ടം പ്രതിദിനം ശരാശരി 10 കോടി, പുരപ്പുറ സോളാറിലെ ബില്ലിംഗ് അപാകത പ്രതിദിന നഷ്ടം ശരാശരി (40/30) 1.30 കോടി, കായംകുളം നിലയത്തിന് വെറുതെ കൊടുക്കുന്ന FC (100/365) 0.27 കോടി. ആകെ പ്രതിദിന ധൂർത്ത് അഴിമതി വിവരക്കേട് (10+1.30+0.27+ മറ്റിനം വേറെ) 11.57 കോടി (DA കൊടുക്കാൻ പ്രതിദിനം വേണ്ടുന്നത് 2 കോടി മാത്രം). തിരിച്ചറിയൂ, KFON, ചാർജിങ് സ്റ്റേഷൻ, പണ്ട് പണ്ട് പണ്ടത്തെ LED 90 കോടി സൗജന്യ LED, കെട്ടികിടക്കുന്ന ഗുണമേന്മയില്ലാത്ത സാധനം വാങ്ങിയതിൽ നഷ്ടം, ബഹു. ഹൈക്കോടതിയിൽ കേസ് ജയിച്ചതിലൂടെ ലഭിച്ച കോടികൾ അഡ്ജസ്റ്റ്മെന്റിലൂടെ വന്ന നഷ്ടം വേറെ വേറെ കോടികൾ, നോട്ടിസിലെ സ്ഥലക്കുറവിൽ ബാക്കി വിളമ്പുന്നില്ല). 30000 രൂപ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാരന് (20% DA ഇല്ലാതായപ്പോൾ) 6000 രൂപ നഷ്ടമാകുന്നു. മുമ്പ് പ്രഖ്യാപിച്ച 3% DA യുടെ കുടിശ്ശിക ഇതുവരെയും ലഭിച്ചിട്ടില്ല. ഇങ്ങനെ പോയാൽ നിലവിലുള്ള 20% ന്റെ അവസ്ഥയും അതിന്റെ മുൻകാല പ്രബല്യത്തിന്റെ അവസ്ഥയും എന്തായിരിക്കണമെന്ന് ഓരോ തൊഴിലാളിയും വിലയിരുത്തണം. തൊട്ടതിനും പിടിച്ചതിനും അഴിമതി നടത്തി കമ്മീഷൻ നേടി KSEB യെ തകർത്തുകൊണ്ടിരിക്കുന്നു. ഇടത് ഗവൺമെന്റിനും ഗവൺമെന്റിന്റെ ആജ്ഞാനുവർത്തികളുമായ KSEB മാനേജ്മെന്റിനുമെതിരെ പ്രതികരിക്കാനുള്ള അവസരമായി ഈ പണിമുടക്കിനെ കാണണമെന്നും വിജയിപ്പിക്കാനുള്ള അവസരം പ്രയോജനപ്പെടുത്തണമെന്നും വീണ്ടും അഭ്യർത്ഥിക്കുന്നു.

## തടഞ്ഞു വച്ചിരിക്കുന്ന ഇലക്ട്രിസിറ്റി വർക്കർ പ്രമോഷൻ

ഇലക്ട്രിസിറ്റി വർക്കറുടെ മാത്രമല്ല 31.10.2023 ന് ശേഷം കയറിയ എല്ലാ ഫീൽഡ് ജീവനക്കാരെയും ബാധിക്കുന്ന ബഹു.സുപ്രീം കോടതിയിലുള്ള കോടതിയലക്ഷ്യ ഹർജി വന്നത് 28.9.2022, CEA റെഗുലേഷൻ 2023 നടപ്പിൽ വന്നത് 8.6.2023. ഏതു നോക്കിയാലും 2 വർഷം കഴിയാറായി. റെഗുലേഷൻ പ്രകാരമുള്ള ട്രെയിനിങ് കൊടുക്കണമെന്നും, Schedule എങ്കിലും പബ്ലിഷ് ചെയ്ത് ബഹു.സുപ്രീം കോടതിയെ ബോധ്യപ്പെടുത്തി പ്രമോഷൻ കിട്ടാനുള്ളവർക്ക് അത് നൽകണമെന്നും, കിട്ടിയവർക്ക് അത് ഉറപ്പാക്കണമെന്നും 21.4.2022 ഗവൺമെന്റ് ഉത്തരവിലെ അപാകത തിരുത്തണമെന്നും നാളുകളായി ഞങ്ങൾ പറയുന്നു. ഇപ്പോൾ ഇതാ മുൻകാല തെറ്റുതിരുത്തി ട്രെയിനിങ് ഉദ്ഘാടനം കഴിഞ്ഞു. കഴിഞ്ഞ 2 വർഷത്തെ തൊഴിലാളിയുടെ നഷ്ടം ആര് നൽകും. പ്രതികരിക്കേണ്ടേ.... ഇനിയും ഇത് നീട്ടിക്കൊണ്ടുപോകാൻ പാടുണ്ടോ? ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ജോലി കിട്ടിയവരെ സംരക്ഷിക്കാൻ എന്താണിത്ര മടി. അന്ന് CEA Regulation മാറ്റിവച്ച് ജോലി നൽകിയിട്ടും ഒരു പൊല്ലാപ്പും ഉണ്ടായില്ലയെന്നത് തൊഴിലാളി തിരിച്ചറിയണം.

- കുടിശ്ശിക 20% DA ഉടൻ അനുവദിക്കുക.
- തടഞ്ഞുവച്ചിരിക്കുന്ന വർക്കർ, ലൈൻമാൻ, ഓവർസിയർ പ്രമോഷൻ പുറത്തിറക്കുക.
- നിലവിലുള്ള ഇലക്ട്രിസിറ്റി വർക്കർ ഒഴിവുകളിലേക്ക് PSC ടെസ്റ്റ് പാസ്സായിരിക്കുന്ന കോൺട്രാക്ട് വർക്കർമാരിൽ നിന്നും അതോടൊപ്പം നിലവിലുള്ള PSC ലിസ്റ്റിൽ നിന്നും നിയമനം നടത്തുക. ബാക്കി ഒഴിവുകൾ PSCക്ക് റിപ്പോർട്ട് ചെയ്യുക. PSC ലിസ്റ്റ് വരുന്നതുവരെ എംപ്ലോയ്മെന്റിൽ നിന്നും നിയമനം നടത്തുക.
- അർഹതപ്പെട്ട സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കുക.
- പുനഃസംഘടനയുടെ മറവിൽ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കുവാനുള്ള നീക്കം ഉപേക്ഷിക്കുക
- ധൂർത്ത് അവസാനിപ്പിക്കുക.
- ലൈനിലുണ്ടാകുന്ന അപകടങ്ങളുടെ ബാധ്യത ജീവനക്കാരുടെ മേൽ അടിച്ചേൽപ്പിക്കുന്ന ഉത്തരവ് റദ്ദ് ചെയ്യുക.
- OA യിൽ നിന്നും കാഷ്യറിലേക്കുള്ള 10 % പ്രമോഷനും കാഷ്യർ സ്കെലിന് താഴെയുള്ള മറ്റു കാറ്റഗറികളിൽ നിന്നും കാഷ്യറിലേക്കുള്ള 10 % പ്രമോഷനും നടത്തുക
- സബ് എഞ്ചിനീയർ ഇൻസർവ്വീസ് ക്വാട്ട (10%) ഉടൻ വിളിക്കുക
- ശമ്പള പരിഷ്ക്കരണ ചർച്ച തുടങ്ങുക.
- നിലവിലുള്ള 6000 ൽ പരം ഒഴിവുകൾ നികത്തുക.
- KSEB പെൻഷൻ മാസ്റ്റർ ട്രസ്റ്റിന് നൽകാനുള്ള തുക ഉടൻ നൽകുക.
- മണിയാർ 12 MW പദ്ധതി KSEB ഏറ്റെടുക്കുക.
- KSEBL നെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം അവസാനിപ്പിക്കുക.
- ത്രികക്ഷി കരാർ ലംഘനം അവസാനിപ്പിക്കുക.
- കാൾ സെന്ററിലേക്ക് പുറം കരാർ നിയമനം നൽകാനുള്ള നീക്കം അവസാനിപ്പിക്കുക.
- ശമ്പള പരിഷ്കരണ കരാറുകൾക്ക് അംഗീകാരം നൽകുക

മന്ത്രിമാർ ഇടപെട്ട, ഗവൺമെന്റിന്റെ ഭാഗമായ Chairman & Managing Director, Power Secretary, Finance Secretary എന്നിവർ എല്ലാം നേരിട്ട് ഇടപെട്ട കരാറിന്, ലേബർ ഓഫീസിൽ രജിസ്റ്റർ ചെയ്ത കരാറിന് അംഗീകാരമില്ലെന്ന് ഇടതുപക്ഷ പാർട്ടിക്കാരായവർ അംഗങ്ങളായ റെഗുലേറ്ററി കമ്മീഷൻ പറയുന്നു. യഥാർത്ഥത്തിൽ കമ്മീഷന്റെ ശബ്ദം ഇടത് ഗവൺമെന്റിന്റെ ശബ്ദമാണ്. ID Act പ്രകാരമുള്ള കരാറിന് അംഗീകാരമില്ലെന്ന് പറഞ്ഞവരെ തിരുത്തിക്കാൻ, പണിമുടക്ക് നടത്താൻ ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു. സഹകരിക്കൂ... വിജയിപ്പിക്കൂ... പിന്തുണയ്ക്കൂ...

**അഭിവാദനങ്ങളോടെ,**

| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |
|---|---|---|
| **കെ.പി.ധനപാലൻ Ex.MP** | **അഡ്വ. സിബിക്കുട്ടി ഫ്രാൻസിസ്** | **നസീർ.എം** |

**KEEC സിന്ദാബാദ് ... UDEEF സിന്ദാബാദ് ...**

**കെ. മുരളീധരൻ, കെ.പി ധനപാലൻ, അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്, എം. നസീർ, ഉണ്ണികൃഷ്ണൻ. പി**
**കെ.സി രാജൻ. കെ.പി സുനിൽ കുമാർ സിന്ദാബാദ്..**